പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1385 13.07.2016 ൽ മറുപടിക്ക്

## മനേപ്പാടം ഭാഗത്ത് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയസഭാ മണ്ഡലത്തിലുൾപ്പെടുന്ന മനേപ്പാടം ഭാഗത്ത് രണ്ടിടങ്ങളിലായി ആയിരക്കണക്കിന് ജനങ്ങൾക്ക് നിലവിലുള്ള ജലഗതാഗത സൗകര്യം ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന മനേപ്പാടം ഭാഗത്ത് സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തുന്നില്ല. |
| (ബി) | ദേശീയ ജലപാതയായ കണിയാംപുഴയിൽ, ഈ പ്രദേശത്ത് ബോട്ട് ജെട്ടി ഇല്ലാത്തത് കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് രണ്ടിടത്ത് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിനായി ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. രണ്ടിടത്ത് ബോട്ട് ജെട്ടി നിർമ്മാണവുമായി ബന്ധപ്പെട്ട് എം.എൽ.എയുടെ അപേക്ഷ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശത്ത് ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ജലസേചന വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ